**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5246** **04-07-2024 - ൽ മറുപടിയ്ക്ക്**

**ഇ-സ്റ്റാമ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. കെ. അക്ബർ** | | **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി)** | |
| (എ) | രജിസ്ട്രേഷൻ വകുപ്പിന്റെ നവീകരണത്തിന്റെ ഭാഗമായി നടപ്പാക്കുന്ന ഇ-സ്റ്റാമ്പ് പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മുദ്രവില ആവശ്യമായി വരുന്ന ആധാര രജിസ്ട്രേഷനുകൾക്കുള്ള ഇ-സ്റ്റാമ്പിംഗ് സംവിധാനം സംസ്ഥാനത്തെ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും നടപ്പിലാക്കിയിട്ടുണ്ട്.<br><br>ഒരു ലക്ഷം രൂപ വരെ മുദ്രവില ആവശ്യമായി വരുന്ന ആധാര രജിസ്ട്രേഷനുകൾക്കുള്ള ഇ-സ്റ്റാമ്പിംഗ് സംവിധാനം 14 സബ് രജിസ്ട്രാർ ഓഫീസുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടന്നു വരുന്നു. പരീക്ഷണ പരിപാടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ആധാര രജിസ്ട്രേഷൻ നടപടികൾക്കുള്ള സമ്പൂർണ്ണ ഇ-സ്റ്റാമ്പിംഗ് സംവിധാനം എല്ലാ ഓഫീസുകളിലും നടപ്പിലാക്കുന്നതാണ്. ഇതോടൊപ്പം തന്നെ രജിസ്ട്രേഷൻ നിർബന്ധമില്ലാത്ത ഇടപാടുകൾക്ക് കൂടി ഇ-സ്റ്റാമ്പിംഗ് സംവിധാനം കൊണ്ടു വരുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. |
| (ബി) | വെണ്ടർമാരുടെ തൊഴിൽ നഷ്ടപ്പെടാത്ത രീതിയിൽ എപ്രകാരമാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് എല്ലാ മൂല്യങ്ങൾക്കുള്ള മുദ്രപത്രങ്ങൾക്കും ഇ-സ്റ്റാമ്പിംഗ് സംവിധാനം നടപ്പിലാക്കിക്കൊണ്ടുള്ള 09.02.2023 തീയതിയിലെ G.O.(Ms) No.10/2023/TAXES നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, ഒരു ലക്ഷം രൂപ വരെയുള്ള ഇ-സ്റ്റാമ്പുകൾ കേരളത്തിലെ അംഗീകൃത സ്റ്റാമ്പ് വെണ്ടർമാരിലൂടെ മാത്രമേ വിൽപന നടത്തുവാൻ സാധിക്കുകയുള്ളൂ. അതുകൊണ്ടു തന്നെ വെണ്ടർമാർക്ക് തൊഴിൽ നഷ്ടം സംഭവിക്കുന്നില്ല. |
| (സി) | രജിസ്ട്രാർ ഓഫീസുകളിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (സി) | ചിട്ടി ആർബിട്രേഷൻ, പ്രവാസി ചിട്ടി രജിസ്ട്രേഷൻ എന്നിവയുമായി ബന്ധപ്പെട്ട് സ്ഥിരം തസ്തികകൾ അധികമായി സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഡി) | ആധാരങ്ങളുടെയും മറ്റ് പ്രമാണങ്ങളുടെയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഓൺലൈനായി | (ഡി) | ആധാരങ്ങളുടെ ഡിജിറ്റൈസേഷൻ പൂർത്തിയായിട്ടുള്ള തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, |

| | | | |
|---|---|---|---|
| | നൽകുന്നതിനുള്ള സംവിധാനം നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | | എറണാകുളം, കാസറഗോഡ് എന്നീ ജില്ലകളിൽ ആധാരങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഓൺലൈനായി നൽകുന്നതിനുള്ള സംവിധാനം നടപ്പാക്കിയിട്ടുണ്ട്. മറ്റു ജില്ലകളിൽ ആധാരങ്ങളുടെ ഡിജിറ്റൈസേഷൻ പൂർത്തിയാകുന്ന മുറയ്ക്ക് ആധാരങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഓൺലൈനായി നൽകുന്നതിനുള്ള സംവിധാനം നടപ്പാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ